# Malayala Manorama

# 17 August 2018

# Kochi :Flood hit, Flood Relief



ആലുവയിലെ വെള്ളപ്പൊക്കത്തിൽ മുങ്ങിയ ആശുപത്രിയുടെ തീവ്രപരിചരണ വിഭാഗത്തിലുള്ള സ്ത്രീയെ സ്ട്രെച്ചറിൽ ഉയർത്തിയെടുത്തു കൊണ്ടുവരുന്ന രക്ഷാപ്രവർത്തകർ.
ചിത്രം: ജോസ്കുട്ടി പനയ്ക്കൽ ● മനോരമ.



മൂവാറ്റുപുഴയ്ക്ക് അടുത്ത് ഊരമനയിൽ കുടുങ്ങിയ നൂറോളം കുടുംബങ്ങളെ രക്ഷപ്പെടുത്താൻ പുറപ്പെടുന്ന നാവിക സേനയുടെ മുങ്ങൽ വിദഗ്ധർ.



പ്രളയത്തിൽ മുങ്ങിയ പത്തനംതിട്ട ജില്ലയിലെ ആറന്മുളയുടെ ആകാശക്കാഴ്ച.



മൂവാറ്റുപുഴയ്ക്ക് അടുത്ത് പെരുവംമുഴിയിൽ മുങ്ങിക്കിടക്കുന്ന വീടുകളിലേക്ക് ചെറുവഞ്ചിയിൽ പോകുന്നതിനിടയിൽ വഞ്ചി മറിഞ്ഞു വീഴുന്ന സ്ത്രീകൾ. റോഡിലെ വെള്ളക്കെട്ടായത് കൊണ്ടും ആഴം ഇല്ലാത്തതു കൊണ്ടും ഒന്നും സംഭവിച്ചില്ല. മൂവാറ്റുപുഴയിലേക്കുള്ള പാത പെരുവംമുഴിയിൽ അവസാനിക്കും. ഇവിടം മുതൽ ഒരാൾ പൊക്കത്തിൽ വെള്ളം റോഡിലുണ്ട്.



പെരിയാർ കരകവിഞ്ഞ് ഒഴുകി ദേശീയപാതയിലൂടെയുള്ള വാഹനയാത്ര അസാധ്യമായപ്പോൾ ആലുവയിൽ പുഴയ്ക്കു കുറുകെയുള്ള റെയിൽവേ പാതയിലൂടെ രക്ഷപ്പെടുന്നവർ.



നിറഞ്ഞുകവിഞ്ഞ പെരിയാർ. ഭൂതത്താൻകെട്ട് അണക്കെട്ടിൽ നിന്നുള്ള ദൃശ്യം.



പെരിയാർ കരകവിഞ്ഞ് ആലുവ പറവൂർ കവല മുതൽ തോട്ടയ്ക്കാട്ടുകര വരെ ദേശീയപാത മുങ്ങിയപ്പോൾ.



ത്രിവേണി സംഗമത്തിന്റെ ആകാശ കാഴ്ച. മൂവാറ്റുപുഴ നഗരം മുഴുവൻ വെള്ളം കയറി കിടക്കുന്ന കാഴ്ച.



ദേശീയപാത അത്താണിയിലെ വെള്ളക്കെട്ടിൽ സുരക്ഷാ പ്രവർത്തനങ്ങൾക്കായി ആലുവായിലേക്ക് പോവുകയായിരുന്ന അഗ്നിശമനസേനാ വാഹനം കുടുങ്ങിയപ്പോൾ നാട്ടുകാർ ചേർന്നു തള്ളി വെള്ളക്കെട്ടിൽ നിന്നു പുറത്തെത്തിക്കുന്നു.